സംസ്ഥാനത്ത് ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ വിശദാംശം

27(232) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇതുവരെ നടന്ന കൊലപാതകങ്ങൾ എത്ര ; ഇത്തരം കേസുകളിൽ ഇതിനകം എത്ര പ്രതികളെ പിടികൂടി ; വിശദാംശം നൽകുമോ ;

(ബി) ഈ കാലയളവിൽ സംസ്ഥാനത്തുണ്ടായ കവർച്ചാ കേസുകൾ എത്രയെണ്ണമാണ് ;

(സി) സംസ്ഥാനത്ത് ഈ കാലയളവിലുണ്ടായ ക്ഷേത്ര കവർച്ചകൾ എത്രയെണ്ണമാണ് ;

(ഡി) ഇത്തരം കവർച്ചകളിലൂടെ ക്ഷേത്രങ്ങൾക്ക് ഒമൊത്തം എത്ര ധനനഷ്ടമുണ്ടായതി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെസംസ്ഥാനത്ത് എത്ര കളവ്, ഭവനഭേദനം, പിടിച്ചുപറി എന്നിവ സംബന്ധിച്ച കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കവർച്ചകളുടെ ഫലമായി സംഭവിച്ച നഷ്ടങ്ങൾ

28(233) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ സംസ്ഥാനത്തു നടന്ന കൊള്ളകളുടെ ഫലമായി എത്ര രൂപയും എത്ര രൂപയ്ക്കുള്ള സ്വർണ്ണാഭരണങ്ങളും മറ്റ് വസ്തുവകകളും നഷ്ടമായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ സഹകരണബാങ്കുകൾ ഉൾപ്പെടെയുള്ള എത്ര ബാങ്കുകൾ കൊള്ളചെയ്യപ്പെട്ടു ; ഈ കവർച്ചകളിൽ എത്ര രൂപയും എത്ര രൂപയ്ക്കുള്ള ആഭരണങ്ങളും നഷ്ടപ്പെട്ടു ;

(സി) പ്രസ്തുത കാലയളവിൽ ഒരേ ബാങ്കു തന്നെ ഒന്നിലധികം പ്രാവശ്യം കൊള്ളകൾക്ക് വിധേയമായിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ബാങ്കുകൾ എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly